# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 7411**

**14.07.2014 - ൽ മറുപടിക്ക്**

## കോക്കനട്ട് ബയോ പാർക്കുകൾ

**ചോദ്യം**

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
ശ്രീ. പുരുഷൻ കടലുണ്ടി
ശ്രീ. എസ്. രാജേന്ദ്രൻ
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ

**മറുപടി**

**ശ്രീ.കെ.പി. മോഹനൻ**
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

എ) തെക്കൻ കേരളത്തിലും മധ്യകേരളത്തിലും വടക്കൻ മേഖലയിലുമായി മൂന്ന് കോക്കനട്ട് ബയോ പാർക്കുകൾ സ്ഥാപിക്കുമെന്ന് പ്രഖ്യാപിക്കുകയുണ്ടായിട്ടുണ്ടോ; എങ്കിൽ എപ്പോൾ എന്ന് വ്യക്തമാക്കുമോ;

ബി) കോക്കനട്ട് ബയോപാർക്കുകൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ;

എ) & ബി) സംസ്ഥാനത്തെ കാർഷിക മേഖലയിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്ക് പ്രാധാന്യം നൽകുന്നതിനായി 2012-13 സംസ്ഥാന ബഡ്ജറ്റിൽ "അഗ്രി ബയോ പാർക്കുകൾ" സ്ഥാപിക്കുന്ന പദ്ധതി പ്രഖ്യാപിക്കുകയുണ്ടായി. ഈ പദ്ധതി പ്രകാരം നാളികേര മൂല്യവർദ്ധനവിലൂടെ കേരമേഖലയ്ക്ക് നവജീവൻ പകരുന്നതിനായി 28/07/2012-ലെ സ.ഉ. (എം.എസ്.)187/2012/കൃഷി, പ്രകാരം "കോക്കനട്ട് ബയോപാർക്ക്" പദ്ധതിയ്ക്ക് അനുമതി ലഭിച്ചു. ബയോപാർക്ക് സ്ഥാപിക്കുന്നതിനുള്ള സ്ഥലം തെരഞ്ഞെടുക്കുന്നതിനായി 30/10/2012-ലെ സ.ഉ.(ആർ.റ്റി.)2137/2012/കൃഷി ഉത്തരവു പ്രകാരം രൂപീകരിച്ച സൈറ്റ് സെലക്ഷൻ കമ്മിറ്റി ദക്ഷിണ മേഖലയിൽ അഞ്ചൽ ജില്ലാ കൃഷിത്തോട്ടത്തിലും മദ്ധ്യമേഖലയിൽ തൃശ്ശൂർ ചേലക്കര ജില്ലാ കൃഷിത്തോട്ടത്തിലും വടക്കൻ മേഖലയിൽ കണ്ണൂർ ആറളം സെൻട്രൽ സീഡ് ഫാമിലും ആയി മൂന്ന് കോക്കനട്ട് ബയോപാർക്കുകൾ സ്ഥാപിക്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. ഇവയിൽ തൃശ്ശൂർ ചേലക്കര ജില്ലാ കൃഷിത്തോട്ടത്തിൽ 25 ഏക്കർ സ്ഥലം കണ്ടെത്തുകയും, ടി സ്ഥലത്ത് ഓഫീസ് കം ഇൻഫർമേഷൻ സെന്ററിന്റെ ശിലാസ്ഥാപനം ബഹു. കൃഷി വകുപ്പ് മന്ത്രി 28/02/2014-ന് നിർവഹിക്കുകയും ചെയ്തു. ബയോപാർക്ക് പദ്ധതി നടത്തിപ്പിനായി 1955-ലെ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം "അഗ്രിബയോ പാർക്ക്സ് - കേരള" ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്തിട്ടുണ്ട് (Tvm/TC/957/2013).

| | |
|---|---|
| **സി)** ഏതെല്ലാം ബയോ പാർക്കുകൾ പൂർണ്ണ തോതിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്; | **സി)** ബയോപാർക്കുകൾ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ചേലക്കര ജില്ലാ കൃഷിത്തോട്ടത്തിൽ ശിലാ സ്ഥാപനം നടത്തിയിട്ടുള്ള കോക്കനട്ട് ബയോ പാർക്കിൽ സംരഭകർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലാബ് പരിശോധനക്കും വിപണന ത്തിനും ആവശ്യമായ മറ്റു സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുത്തി വിശദമായ പ്രോജക്ട് തയ്യാറാക്കുന്നതിന് KITCO-യെ ചുമതലപ്പെടുത്തുന്നതാണ്. |
| **ഡി)** ഇതു സംബന്ധിച്ച പ്രഖ്യാപനത്തിനു ശേഷം ഓരോ ബജറ്റിലും ഇതിനായി വകയിരുത്തിയ തുകയുടെയും ഇതിനകം ചെലവഴിക്കപ്പെട്ട തുകയുടെയും വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | **ഡി)** ബയോപാർക്ക് പദ്ധതിക്കായി 2013-14, 2014-15 വാർഷിക ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. കോക്കനട്ട് ബയോപാർക്ക് പദ്ധതിക്കായി 2014-15 വർഷത്തേക്ക് 15 കോടി രൂപ SDG മുഖേന ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**